"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം -കൊച്ചി നഗരസഭയിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയ ശ്രീ. ജയചന്ദ്രൻ. കെ. കെ. യ്ക്ക് അനുവദിച്ച പലിശരഹിത മെഡിക്കൽ അഡ്വാൻസ് ക്രമീകരിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.121/2026/LSGD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:- 1. 20.06.2022 തീയതിയിലെ സ.ഉ. (സാധാ) നം. 1494/2022/തസ്വഭവ.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.08.2024 തീയതിയിലെ LSGD/PD/25504/2023-DEG1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊച്ചിനഗരസഭയിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ. ജയചന്ദ്രൻ. കെ. കെ-യ്ക്ക്, തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ Deep Brain Stimulation Surgery ചികിൽസയ്ക്കായി 13,00,000/- (പതിമൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ പലിശരഹിത ചികിൽസാ വായ്പ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. ശ്രീ.ജയചന്ദ്രൻ കെ.കെ എന്നവർക്ക് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി ആശുപത്രിയിൽ Advanced Parkinsons Disease With Motor Flectuation and Dyskinesias, Systemic Hypertension, Anxiety,Depression എന്ന അസുഖത്തിന്റെ ചികിത്സയ്ക്കായി ചെലവഴിച്ച തുകയിൽ സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരം പലിശ രഹിത മെഡിക്കൽ അഡ്വാൻസിന് മുൻപുള്ള 04/04/2022 മുതൽ 05/04/2022 വരെ കാലയളവിലെ 5,650/- രൂപയും, 20/06/2022 മുതൽ 19/09/2022 വരെ കാലയളവിലെ 36,068/- രൂപയും പലിശ രഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ചതിന് ശേഷമുള്ള കാലയളവിലെ 14,06,399/-രൂപയും, ഉൾപ്പെടെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം അനുവദനീയമാണെന്നറിയിച്ച 14,48,117/- രൂപയിൽ ടിയാന് അനുവദിച്ചിരുന്ന 13,00,000/- (പതിമൂന്നു ലക്ഷം) രൂപ പലിശ രഹിത മെഡിക്കൽ അഡ്വാൻസ് തുക ക്രമീകരിച്ചും, ബാക്കി ₹1,48,117/- (ഒരു ലക്ഷത്തി നാൽപത്തി എട്ടായിരത്തി ഒരുന്നൂറ്റി പതിനേഴ് രൂപ മാത്രം) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിച്ച് ഉത്തരവാകുന്നതിനും, മെഡിക്കൽ അഡ്വാൻസ് തുക വിനിയോഗിക്കുന്നതിന് മനഃപൂർവ്വമല്ലാതെ വന്ന കാലതാമസം

അനുഭാവപൂർവ്വം പരിഗണിച്ച് പലിശരഹിതമായി തന്നെ പ്രസ്തുത അഡ്വാൻസ് തുക റീ ഇമ്പേഴ്സ്മെന്റ് തുകയിൽ നിന്ന് തിരിച്ചടയ്ക്കുന്നതിന് അനുവാദം നൽകണമെന്ന് ശിപാർശ ചെയ്തുകൊണ്ട്, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയും അനുബന്ധരേഖകളും പ്രിൻസിപ്പൽ ഡയറക്ടർ, പരാമർശം 2 പ്രകാരം, ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05.08.2022 ന് നിശ്ചയിച്ച ശസ്ത്രക്രിയ ശ്രീ.ജയചന്ദ്രൻ കെ.കെ-യുടെ ആരോഗ്യസ്ഥിതി അനുകൂലമല്ലാത്തതിനെത്തുടർന്നാണ് 13.01.2023 തീയതിയിലേക്ക് മാറ്റിയതെന്ന, ഡോക്ടറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിലും, ചികിൽസായിനത്തിൽ ടിയാൾക്ക് ആകെ ₹14,48,117/-(പതിനാല് ലക്ഷത്തി നാൽപത്തി എട്ടായിരത്തി ഒരുന്നൂറ്റി പതിനേഴ് രൂപ മാത്രം) അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, ടിയാന്റെ ആരോഗ്യസ്ഥിതി വളരെ സങ്കീർണ്ണമാണെന്നു അറിവായ സാഹചര്യത്തിലും നിലവിലുള്ള ഉത്തരവുകൾക്കുപരിയായി അനുകമ്പാപൂർണ്ണമായ സമീപനം കൈക്കൊണ്ടുകൊണ്ട്, വായ്പാ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ വായ്പ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ടിയാളെ 12% പലിശ ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും, ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിട്ടുള്ള 14,48,117/- രൂപയിൽ (പതിനാല് ലക്ഷത്തി നാൽപത്തി എട്ടായിരത്തി ഒരുന്നൂറ്റി പതിനേഴ് രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ തുക കിഴിച്ചുള്ള തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പടെ)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി നഗരസഭ.( പ്രിൻസിപ്പൽഡയറക്ടർ മുഖേന)

ശ്രീ. ജയചന്ദ്രൻ. കെ. കെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, കൊച്ചി നഗരസഭ. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 16-01-2026 10:28:47

സെക്ഷൻ ഓഫീസർ